LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് മുൻഗണന

89 (1116) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സുമുതൽ പഠിച്ചുവരുന്ന കുട്ടികളെക്കാളേറെ മാർക്ക് വാങ്ങുന്നതിന്, മറ്റ് സിലബസ്സിൽ പഠിച്ച് 7,8,9 ക്ലാസ്സുകൾ പൂർത്തിയാക്കി സ്റ്റേറ്റ് സിലബസ്സുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് മാറ്റപ്പെടുന്ന കുട്ടികൾക്ക് കഴിയുന്ന സാഹചര്യം കണക്കിലെടുത്ത്, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആദ്യംമുതൽ പഠിക്കുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിനും മറ്റ് കോഴ്സുകൾക്കും മുൻഗണന നൽകാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നുപറയാമോ ?

ഉത്തരം

ഇല്ല. എന്നാൽ സ്റ്റേറ്റ് സിലബസിൽ പത്താം ക്ലാസ് കഴിഞ്ഞുവരുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിൽ 3 ബോണസ് പോയിന്റ് നൽകുന്നുണ്ട്.

സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതുതായി അനുവദിച്ച തസ്തികകൾ

90 (1117) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതുതായി അനുവദിച്ച സ്ഥാപനങ്ങളിലും കോഴ്സുകളിലുമായി മൊത്തം എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളാണ് പുതുതായി തസ്തിക സൃഷ്ടിച്ചുകിട്ടുന്നതിന് വേണ്ടി പരിഗണനയിലുള്ളത് ;

(സി) ഇവയെല്ലാംകൂടി എത്ര തസ്തികകൾവരും; അതിനായി പ്രതിവർഷം വേണ്ടി വരുന്ന അധിക ചെലവ് എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അനുവാദം നല്കപ്പെട്ട കോഴ്സുകൾക്ക് എല്ലാമായി നിയോഗിക്കപ്പെട്ടവരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; അവശേഷിക്കുന്നവ എത്ര ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.